## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്

## സാന്നിദ്ധ്യം:കെ.വി മോഹൻകുമാർ ഐ.എ.എസ്

വിഷയം: പൊതു.വിദ്യാ. - ജീവനം - ഹെഡ്മാസ്റ്റർ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ നിയമനം നൽകുന്നത്- സംബന്ധിച്ച് .

വായന:- 1) ഈ ഓഫീസിലെ 28.08.2014 ലെ ഡി5/15845/2014/ഡിപിഐ നമ്പർ നടപടി ഉത്തരവ്

2) ഈ ഓഫീസിലെ 17.06.2016 ലെ ഡി5/3100/2016/ഡിപിഐ നമ്പർ നടപടി ഉത്തരവ്

3) ശ്രീമതി ബി.അംബികാകുമാരിയുടെ 08.07.2015 ലെ കത്ത്.

**ഉത്തരവ് നമ്പർ ഡി5/41188/2016/ഡി.പി.ഐ തീയതി 02/05/2017**

പൊതുവിദ്യാഭ്യാസ വകുപ്പിലെ എച്ച്.എസ്.എ മാരുടെ 91-96 വർഷത്തെ സീനിയോറിറ്റി ലിസ്റ്റിൽ 770 എ, 1621 ഐ എന്നീ നമ്പരുകളായി ഉൾപ്പെട്ടവരായി ഇപ്പോൾ ഡയറ്റ് ലക്ചററർമാരായി ജോലി ചെയ്യുന്ന ശ്രീ ബി.അംബിക കുമാരിയേയും ശ്രീ കെ.യതീഷ്കുമാറിനേയും ഡിപ്പാർട്ട്മെന്റൽ സ്ഥാനക്കയറ്റ കമ്മിറ്റി (ലോവർ) അംഗീകരിച്ച സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെട്ടതിനാൽ വായന (1), (2) ഉത്തരവ് പ്രകാരം ഹെഡ്മാസ്റ്റർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുകയും ഡയറ്റിൽ ലക്ചറർമാരായി തന്നെ തുടരുവാനും അനുവദിച്ചിരുന്നു.

കേരള ജനറൽ എഡ്യൂക്കേഷൻ സർവ്വീസ് റൂളിൽ ഉൾപ്പെട്ട് ഹെഡ്മാസ്റ്റർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കുന്ന അദ്ധ്യാപകരെ ഡയറ്റിനെ സംബന്ധിക്കുന്ന സ്പെഷ്യൽ റൂൾ പ്രകാരം പ്രസ്തുത തസ്തികയിൽ നിലനിർത്തുവാനോ തുടരുവാൻ അനുവദിക്കുവാനോ വ്യവസ്ഥയില്ല.

ഈ സാഹചര്യത്തിൽ ഹെഡ്മാസ്റ്റർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഡയറ്റ് ലക്ചറർമാരായി തുടരുവാൻ അനുവദിച്ച താഴെപ്പറയുന്ന ഡയറ്റ് ലക്ചറർമാർക്ക് താഴെപ്പറയുന്ന പ്രകാരം സ്ഥാനമാറ്റ നിയമനം നൽകി ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | എച്ച്.എസ്.എ റാങ്ക് നം. | പേര് | സ്ഥാനമാറ്റം നൽകി നിയമിച്ച സ്ഥാപനം |
|---|---|---|---|
| 1 | 770 എ<br>91-96 | ബി.അംബികാ കുമാരി, ലക്ചറർ<br>ഡയറ്റ്, ആറ്റിങ്ങൽ, തിരുവനന്തപുരം | ഗവൺമെന്റ് എച്ച്.എസ് വഞ്ചിയൂർ, തിരുവനന്തപുരം |
| 2 | 1621 ഐ<br>91-96 | കെ.യതീഷ്കുമാർ, ലക്ചറർ<br>ഡയറ്റ്, കാസർഗോഡ് | ജി.വി.എച്ച്.എസ്.എസ് മൊഗ്രാൽ, കാസർഗോഡ് |

പൊതുവിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരെ സംബന്ധിച്ച സ്പെഷ്യൽ റൂളിൽ താഴെപ്പറയുന്ന യോഗ്യതകളാണ് എച്ച്.എസ്.എ മാരിൽ നിന്നും ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് ആവശ്യമായി വേണ്ടത്.

1. അംഗീകൃത സർവ്വകലാശാലയുടെ ഡിഗ്രി
2. അംഗീകൃത സർവ്വകലാശാലയുടെ ബി.എഡ്/ബി.റ്റി/എൽ.റ്റി
3. അക്കൗണ്ട് ടെസ്റ്റ് ലോവർ&കെ.ഇ.ആർ ടെസ്റ്റ്
4. 12 വർഷത്തെ തുടർച്ചയായ എച്ച്.എസ്.എ ഗ്രേഡ് സർവ്വീസ്

സ്ഥാപനമേധാവികൾ സ്ഥാനമാറ്റം നൽകി നിയമിച്ച ടി അദ്ധ്യാപകർക്ക് മുകളിൽ പ്രസ്താവിച്ച യോഗ്യതകൾ ഉണ്ടോയെന്ന് സേവനപുസ്തകം പരിശോധിച്ച ശേഷം മാത്രമേ സ്ഥാനമാറ്റം ലഭിച്ച ലാവണത്തിലേക്ക് വിടുതൽ ചെയ്യാവു എന്ന് കർശനമായ നിർദ്ദേശം നൽകുന്നു.

പുതിയ ലാവണങ്ങളിൽ പദവി ഏറ്റെടുത്ത ശേഷം ആയത് മേലാപ്പീസിൽ രേഖാമൂലം അറിയിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം

ഒപ്പ്/-
ഡി.സന്തോഷ്കുമാർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

സ്വീകർത്താക്കൾ

1. പ്രിൻസിപ്പാൾ
ഡയറ്റ്, ആറ്റിങ്ങൽ, തിരുവനന്തപുരം

2. പ്രിൻസിപ്പാൾ,
ഡയറ്റ്, കാസർഗോഡ്

3. ഹെഡ്മാസ്റ്റർ,
ഗവൺമെന്റ് വി.എച്ച്.എസ്.എസ്,
മൊഗ്രാൽ, കാസർഗോഡ്

4. ഗവൺമെന്റ് എച്ച്.എസ് വഞ്ചിയൂർ
തിരുവനന്തപുരം,

5. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ)
കേരള, തിരുവനന്തപുരം

7. ഡി 7 സെക്ഷൻ

8. കരുതൽ ഫയൽ